പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 2463 | 11/10/2011-ൽ മറുപടിയ്ക്ക്

## പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ്

ചോദ്യം

ശ്രീ. ജി.എസ്.ജയലാൽ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) പാലം നിർമ്മിക്കുന്നതിലേക്കായി അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്നതിന് സാധാരണ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; വിശദാംശം അറിയിക്കുമോ ;

(എ) പാലം നിർമ്മിക്കുന്നതിനുള്ള അപ്രോച്ച് റോഡിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നത് 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണ്.

പ്രസ്തുത നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ്, അലൈൻമെന്റ്-സ്കെച്ച് എന്നിവ സഹിതം നിശ്ചിത മാതൃകയിലുള്ള അർത്ഥനാ പത്രം അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച ശേഷം ലാന്റ് അക്വിസിഷൻ ഓഫീസർ പ്രാഥമികാന്വേഷണം നടത്തുകയും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള 4(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനവും, സർവ്വെ നടത്തുന്നതിനുള്ള സർവ്വെ - അതിരടയാള നിയമ പ്രകാരമുള്ള വിജ്ഞാപനവും പ്രസിദ്ധീകരിക്കുന്നു. തുടർന്ന് ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വെ സബ് ഡിവിഷൻ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട യഥാർത്ഥ വിസ്തീർണ്ണം ഉൾപ്പെടുത്തി കരട് പ്രഖ്യാപനം തയ്യാറാക്കി ലാന്റ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തോടെ കേരളാ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു. പ്രഖ്യാപനത്തിന് ശേഷം ഏറ്റെടുക്കേണ്ട ഭൂമിയുടെ അടിസ്ഥാനവില ലാന്റ് അക്വിസിഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നിശ്ചയിച്ചു നൽകുന്നു. ഏറ്റെടുക്കേണ്ട ഭൂമിയുടേയും. കെട്ടിടങ്ങളുടേയും, ചമയങ്ങളുടേയും വിശദമായ വില നിർണ്ണയ പട്ടിക തയ്യാറാക്കി ജില്ലാ കളക്ടറുടെ അംഗീകാരം വാങ്ങി കൈവശക്കാർക്ക് ഭൂമിയിലുള്ള അവകാശം സംബന്ധിച്ച് അന്വേഷണം നടത്തി അവാർഡ് പാസ്സാക്കിയാണ് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറുന്നത്.

| | |
|---|---|
| (ബി) ഭൂഉടമകൾ ജനപ്രതിനിധികളും, പൗരപ്രമുഖരും ഉദ്യോഗസ്ഥ മേധാവികളുമായി ചർച്ച ചെയ്തു ധാരണയിൽ എത്തി ഭൂമി വിട്ടുതന്നാൽ ആയത് ഏറ്റെടുത്ത് പാലം പണി നടത്തുന്നതിലേക്ക് റവന്യൂ വകുപ്പിന് എന്ത് നടപടികളാണ് സ്വീകരിക്കുവാനുള്ളത് ; | (ബി) ഭൂവുടമകൾ സൗജന്യമായി ഭൂമി വിട്ടു നൽകിയാൽ 1958-ലെ ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്റ്റ് പ്രകാരം സർക്കാർ അനുമതിയോടു കൂടി ഭൂമി ഏറ്റെടുക്കാവുന്നതാണ്. കൂടാതെ ഭൂവുടമകളുമായി ജില്ലാതല പർച്ചേസ് കമ്മിറ്റി ചർച്ച നടത്തി ഉഭയകക്ഷി സമ്മതപ്രകാരവും (നെഗോഷിയേറ്റഡ് പർച്ചേസ്) ഭൂമി ഏറ്റെടുക്കാവുന്നതാണ്. |
| (സി) ഭൂഉടമകൾ ഭൂമി ധാരണയ്ക്ക് വിധേയമായി വിട്ടുനൽകാതിരിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുകയും ചെയ്യുന്ന അവസ്ഥയിൽ പെട്ടെന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (സി) 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 17-ാം വകുപ്പ് പ്രകാരം അടിയന്തിര ഖണ്ഡത്തിൽ ഉൾപ്പെടുത്തി പെട്ടെന്ന് ഭൂമി ഏറ്റെടുക്കാൻ സർക്കാരിന് കഴിയും. |
| (ഡി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിലേക്ക് ഭൂമി ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് നാളിതുവരെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ? | (ഡി) പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ഇതുവരെ അപേക്ഷ ലഭിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ